(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നദികളിലെ മണ്ണുവാരലിനെപ്പറ്റി സെസ്സിന്റെ പഠനം

*3 [839] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, എൻ. ശക്തൻ:
,, സി. പി. മുഹമ്മദ്:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ മണ്ണുവാരലിനെപ്പറ്റി ഹൈക്കോടതി നിർദ്ദേശ പ്രകാരം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്തെങ്കിലും പഠനം നടത്തിയി രുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം നദികളിലെ മണ്ണുവാരലിനെപ്പറ്റിയാണ് പഠനം നടത്തിയത്;

(സി) ഈ പഠനത്തിൽ എന്തെല്ലാം വസ്തുതകൾ കണ്ടെത്തി;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പഠനം നടത്തിയിട്ടുണ്ട്.

(ബി) പെരിയാർ നദി, മൂവാറ്റുപുഴ നദീതടത്തിൽപ്പെടുന്ന ആയവന ഗ്രാമപഞ്ചായത്തിലെ ചില ഭാഗങ്ങൾ, പൂവ്വാർ, കുളത്തൂർ പഞ്ചായത്തതിർത്തികളിലൂടെ ഒഴുകുന്ന നെയ്യാർ നദിയുടെ ഭാഗങ്ങൾ എന്നിവിടങ്ങളിലാണ് പഠനങ്ങൾ നടത്തിയത്. കൂടാതെ പത്തനംതിട്ട ജില്ലയിലെ മണിമല, പമ്പ, അച്ചൻകോവിൽ, കല്ലട എന്നീ നദി കളിലെ മണൽ വാരലിനെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ല യിലെ മാഹി, കുറ്റ്യാടി, കോരപ്പുഴ, കല്ലായി, ചാലിയാർ എന്നീ നദികളിൽ പഠനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പഠനത്തിൽ കണ്ടെത്തിയ വസ്തുതകൾ താഴെക്കൊടുക്കുന്നു:

(1) നദികളിലെ മണലിന് പകരം ചെലവുകുറഞ്ഞതും എളുപ്പം ലഭ്യമാ കുന്നതും യോജിച്ചതുമായ ഒരു വസ്തു കണ്ടെത്തുക.

(2) കുറച്ചു മണൽ അല്ലെങ്കിൽ മണൽ വേണ്ട എന്ന രീതിയിൽ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുക.

(3) മണൽ വാരലിൽ നിന്നും ലഭിക്കുന്ന റവന്യൂ വരുമാനം നദികളുടെ പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി മാത്രം ഉപയോഗിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(4) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം കർശനമായി നടപ്പാക്കുക.

(5) ഓരോ കടവിൽ നിന്നും വാരുന്ന മണലിന്റെ അളവ്, അതിന്റെ ഉപയോഗം, ആർക്കാണ് വിൽക്കുന്നത് എന്നീ കാര്യങ്ങൾ പഞ്ചായത്ത് അധികാരികൾ രേഖപ്പെടുത്തുകയും ആ വിവരം വിദഗ്ധസമിതിക്ക് നൽകേണ്ടതും സമിതി സമയാസമയങ്ങളിൽ അത് വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

(6) മണൽവാരൽ നിയന്ത്രണ നിയമത്തിലെ നിബന്ധനകൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് എല്ലാ കടവുകളിലേയും കടവ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

(7) ഉചിതമായ നിയമനിർമ്മാണത്തിലൂടെ കെട്ടിട നിർമ്മാണം നിയന്ത്രിച്ചാൽ ആറ്റുമണലിന്റെ ഉപയോഗം കുറയ്ക്കാവുന്നതാണ്.

(8) പുഴയിലെ മണലിന്റെ അടിസ്ഥാന ഗുണത്തെപ്പറ്റി വ്യത്യസ്ത തലങ്ങളിൽ കാലാകാലങ്ങളിൽ ബോധവത്കരണം നടത്തേണ്ടതാണ്.

(9) മണൽവാരൽ കേന്ദ്രങ്ങളിൽ പുതിയ തൊഴിലാളികൾ വരുന്നതിനെ കർശനമായി നിയന്ത്രിക്കേണ്ടതാണ്.

(10) മൂന്നു വർഷത്തിലൊരിക്കൽ അധികാരപ്പെട്ടവർ മണലിന്റെ ആഡിറ്റ് നടത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി വിഭവ വിതരണ പദ്ധതി തയ്യാറാക്കി നദീതീരത്തിന്റെ മൊത്തത്തിലുള്ള പരിസ്ഥിതിയുടെ ഗുണം വീണ്ടെടുക്കണം.

(ഡി) പുഴ മണൽ നിക്ഷേപം, മണലിന്റെ വർഷാവർഷത്തിലുള്ള ലഭ്യത, പുഴയുടെ അടിത്തട്ടു താഴൽ, പരിസ്ഥിതി പ്രശ്നങ്ങൾ, മറ്റു സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട് വരാവുന്ന മണലിന്റെ അളവിനേയും കടവുകളേയും കുറിച്ചുള്ള റിപ്പോർട്ട് പുഴയൊഴുകുന്ന പ്രദേശങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം തയ്യാറാക്കുകയും ജില്ലാ വിദഗ്ധ സമിതികൾക്ക് മേൽ നടപടികൾക്കായി അയച്ചു കൊടുക്കുകയും ചെയ്തു വരുന്നു. സെസ്സിന്റെ പഠനങ്ങളുടേയും മറ്റ് പഠനങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കൊണ്ടു വന്ന മണൽവാരൽ നിയന്ത്രണ നിയമം പ്രവർത്തിപഥത്തിലെത്തിക്കുന്നതിനാവശ്യമായ ശാസ്ത്രോപദേശങ്ങൾ ജില്ലാ വിദഗ്ധ സമിതികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും നൽകുകയും ചെയ്തു പോരുന്നു.

ചെലവ് കുറഞ്ഞ പാലങ്ങൾ

*4 [840] ശ്രീ. കെ. കെ. ഷാജു:
„ ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly